കൽപ്പറ്റ നിയോജക മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ

182(2220) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ള അക്ഷയ കേന്ദ്രങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഏതു ഘട്ടംവരെയായിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ പുതുതായി അക്ഷയ കേന്ദ്രം ആരംഭിച്ചിട്ടില്ല.

(ബി&സി) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ താഴെപ്പറയും പ്രകാരം അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്.

പടിഞ്ഞാറെത്തറ പഞ്ചായത്തിലെ പന്തിപോയിൽ	-	ഒന്ന്
പൊഴുതന പഞ്ചായത്തിലെ പിണങ്ങോട്	-	ഒന്ന്
കൽപ്പറ്റ മുൻസിപ്പാലിറ്റിയിൽ	-	മൂന്ന് (ലൊക്കേഷൻ തീരുമാനമായിട്ടില്ല.)

പന്തിപോയിൽ, കൽപ്പറ്റ മുനിസിപ്പാലിറ്റി എന്നീ ലൊക്കേഷനുകളിൽ അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിന്, അതതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രമേയം ലഭിച്ചിട്ടുണ്ട്. ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

തലശ്ശേരിയിൽ ഐ.ടി.പാർക്ക്

183(2221) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) എന്നത്തേയ്ക്ക് ഐ.ടി. പാർക്ക് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

GPM. 2/243/2020-37

LIBRARY ARCHIVES Kerala Legislative Assembly